# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

2021 ഒക്ടോബർ 20, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 186 - നമ്പർ 9

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

## 2021 ഒക്ടോബർ 20, ബുധൻ

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ

ചീഫ് എഡിറ്റർ
ശ്രീമതി വി. ചെറുപുഷ്പം

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


പേജ്

**I. ചരമോപചാരം**

അപ്രതീക്ഷിത മഴക്കെടുതിയും
പ്രകൃതിക്ഷോഭവുംമൂലമുണ്ടായ മരണം

- മി. സ്പീക്കർ

**II. പ്രമേയം**

സഭാ സമ്മേളനം ക്രമീകരിക്കുന്നത് സംബന്ധിച്ച്

- മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

2021 ഒക്ടോബർ 20, ബുധൻ

---

വാല്യം 186}          ഔദ്യോഗിക റിപ്പോർട്ട്          {നമ്പർ 9

---

നിയമസഭ 2021 ഒക്ടോബർ മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ചരമോപചാരം

അപ്രതീക്ഷിത മഴക്കെടുതിയും പ്രകൃതിക്ഷോഭവുംമൂലമുണ്ടായ മരണം

മി. സ്പീക്കർ: കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിലുണ്ടായ അപ്രതീക്ഷിതമായ പേമാരിയിലും ഉരുൾപൊട്ടലിലും മരണമടഞ്ഞവർക്ക് കേരള നിയമസഭ ആദരാഞ്ജലിയർപ്പിക്കുന്നു; മരിച്ചവരുടെ ആശ്രിതരുടെയും ബന്ധുക്കളുടെയും ദു:ഖത്തിൽ പങ്ക് ചേരുന്നു. ഒക്ടോബർ മാസം 16-ാം തീയതിയുണ്ടായ പേമാരിയിലും ഉരുൾപൊട്ടലിലും കോട്ടയം, ഇടുക്കി ജില്ലകളിലെ മലയോരമേഖലകളിൽ വലിയ തോതിലുള്ള നാശനഷ്ടങ്ങളാണുണ്ടായത്. മറ്റ് ജില്ലകളിലും മഴ നാശം വിതച്ചു. കോട്ടയം ജില്ലയിലെ കൂട്ടിക്കലിനടുത്തുള്ള പ്ലാപ്പള്ളിയിലും കാവാലിയിലുമുണ്ടായ ഉരുൾപൊട്ടലിൽ 13 പേരും ഇടുക്കി ജില്ലയിലെ കൊക്കയാറിലും പെരുവന്താനത്തുമുണ്ടായ ഉരുൾപൊട്ടലിൽ 9 പേരും മരിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ പേമാരിയും വെള്ളപ്പൊക്കവുംമൂലം ആകെ 39 പേരാണ് മരിച്ചത്. ഇത് ഏറെ ദു:ഖകരമായ സംഭവമാണ്. കാർഷിക വിളകൾക്കും വീടുകൾക്കുമുണ്ടായ നാശനഷ്ടവും വളരെ വലുതാണ്. കാലം തെറ്റിയെത്തുന്ന പ്രകൃതിദുരന്തങ്ങൾ കേരളത്തിൽ വലിയ നാശനഷ്ടമാണ് കഴിഞ്ഞ 5 വർഷത്തിനിടയിലുണ്ടാക്കിയത്. വളരെ

കുറഞ്ഞ സമയംകൊണ്ട് വളരെക്കൂടുതൽ മഴ പെയ്യുന്ന സവിശേഷ പ്രതിഭാസം പലപ്പോഴും മനുഷ്യരുടെ നിയന്ത്രണത്തിന് അതീതമാണ്. എന്നാൽ ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്കും നാശനഷ്ടങ്ങൾ നേരിട്ടവർക്കും എല്ലാ സഹായവും സാന്ത്വനവും നൽകാൻ നമുക്ക് കഴിയും. നിരവധി പേരുടെ ജീവൻ നഷ്ടമായ ഈ ദുരന്തത്തിൽ സഭ അഗാധമായ ദു:ഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുകയാണ്. ഒക്ടോബർ 11 മുതൽ സംസ്ഥാനത്ത് വർദ്ധിച്ച തോതിലുള്ള മഴയാണുണ്ടാകുന്നത്. തെക്കൻ കേരളത്തിൽ ലഭിച്ച മഴയ്ക്ക് കാരണം പടിഞ്ഞാറൻ പസഫിക്കിലെ ചുഴലിക്കാറ്റിന്റെ പ്രഭവമാണ്. അത് ഒക്ടോബർ 11 മുതൽ 12 വരെയും ഒക്ടോബർ 13 മുതൽ 17 വരെയും തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിലും അറബിക്കടലിൽ ലക്ഷദ്വീപ് തീരത്തും രൂപപ്പെട്ട ചക്രവാതച്ചുഴികൾ ഇരട്ട ന്യൂനമർദ്ദമായി രൂപപ്പെടുകയും സംസ്ഥാനത്തിന്റെ പലഭാഗത്തും അതിന്റെ ഭാഗമായി അതിതീവ്ര മഴയുണ്ടാകുകയും ചെയ്തു. ഏകോപിതമായ പ്രവർത്തനമാണ് മഴ ദുരന്തനിവാരണ കാര്യത്തിൽ നിലവിൽ നടന്നു വരുന്നത്. റവന്യൂ, പോലീസ്, ഫയർഫോഴ്സ്, തദ്ദേശസ്വയംഭരണം എന്നീ

വകുപ്പുകൾ നേതൃത്വപരമായ പങ്ക് വഹിച്ച് ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനമാണ് നടത്തുന്നത്. ദേശീയ ദുരന്ത പ്രതികരണ സേനയുടെ ഓരോ ടീമിനെ പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ വിന്യസിച്ചിട്ടുണ്ട്. ഇതിനുപുറമെ നാല് ടീമിനെക്കൂടി ഇടുക്കി, ആലപ്പുഴ, കൊല്ലം, കണ്ണൂർ ജില്ലകളിൽ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 11 എൻ.ഡി.ആർ.എഫ്. (National Disaster Response Force) ടീമുകൾ വിവിധ ജില്ലകളിലായുണ്ട്. ഇന്ത്യൻ ആർമി, ഡിഫൻസ് സെക്യൂരിറ്റി കോർപ്സ് തുടങ്ങിയവർ രക്ഷാ പ്രവർത്തനത്തിൽ പങ്കെടുക്കുന്നുണ്ട്. എയർഫോഴ്സിന്റെ രണ്ട് ഹെലികോപ്റ്ററുകൾ കൊച്ചിയിൽ സജ്ജമായി നിൽക്കുന്നുണ്ട്. ഇതിനുപുറമെ നേവിയുടെ ഹെലികോപ്റ്ററും സജ്ജമാണ്. കൂട്ടിക്കൽ, കൊക്കയാർ മേഖലകളിൽ ഹെലികോപ്റ്റർ വഴി ഭക്ഷണപ്പൊതികൾ എത്തിച്ചു. പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളിക്കുസമീപം കുടുങ്ങിക്കിടക്കുന്നവരെ പോലീസ്, ഫയർഫോഴ്സ് എന്നിവർ ചേർന്ന് രക്ഷപ്പെടുത്തുകയായിരുന്നു. മഴയുടെ തീവ്രതയ്ക്ക് ഒക്ടോബർ 18, 19 തീയതികളിൽ താൽക്കാലികമായ കുറവുണ്ടായിട്ടുണ്ട്. എന്നാൽ കിഴക്കൻ കാറ്റിന്റെ സ്വാധീനം കേരളമുൾപ്പെടെയുള്ള തെക്കൻ സംസ്ഥാനങ്ങളിൽ ഒക്ടോബർ 20 മുതൽ രണ്ടുമൂന്ന് ദിവസത്തേയ്ക്ക് വ്യാപകമായ മഴയ്ക്കും മലയോര

ജില്ലകളിൽ അതിശക്തമായ മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള അലർട്ടുകൾ പ്രഖ്യാപിച്ച് വരുന്നുണ്ട്. ഇക്കാര്യം മുൻകൂട്ടി കണ്ട് ഡാമുകളിലെ ജലം നിയന്ത്രിത അളവുകളിൽ ജില്ലാ ഭരണകൂടത്തെയും പ്രദേശവാസികളെയും അറിയിച്ചുകൊണ്ട് തുറന്നുവിടുന്നുണ്ട്. ഇടുക്കി, ഇടമലയാർ, പമ്പ എന്നീ ഡാമുകളുൾപ്പെടെയുള്ളവയുടെ ഷട്ടറുകൾ വിദഗ്ധ സമിതിയുടെ വിലയിരുത്തൽ പ്രകാരം ക്രമീകരിച്ച് തുറന്നുവിടുന്നുണ്ട്. ജലസേചനം, വൈദ്യുതി എന്നീ വകുപ്പുകൾ ഇക്കാര്യം നിരന്തരം വിലയിരുത്തുന്നുണ്ട്. എവിടെയും ആപത്തുണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്ന വിധത്തിലാണ് ജലം തുറന്നുവിടുന്നത്. ഇന്നലെവരെ സംസ്ഥാനത്തുണ്ടായ മരണസംഖ്യ 39-ഉം കാണാതായവരുടെ എണ്ണം 6-ഉമാണ്. സംസ്ഥാനത്തൊട്ടാകെ 304 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നിട്ടുണ്ട്, ഇതിൽ 3851 കുടുംബങ്ങളെ മാറ്റി താമസിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ ബന്ധുവീടുകളിലും മാറിത്താമസിക്കുന്ന കുടുംബങ്ങളുണ്ട്. ക്യാമ്പുകളിൽ മതിയായ ശുദ്ധജലം, ഭക്ഷണം, വൃത്തിയുള്ള ശൗചാലയം എന്നിവ ഒരുക്കുന്നതിനും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിനും വ്യക്തമായ നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. 217 വീടുകൾക്ക് പൂർണ്ണമായും 1393 വീടുകൾക്ക് ഭാഗികമായും നാശനഷ്ടം

സംഭവിച്ചിട്ടുണ്ട്. സ്ഥിതിഗതികൾ സർക്കാർ നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടി യഥാസമയം സ്വീകരിച്ച് വരികയും ചെയ്യുന്നു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എല്ലാ സാമാജികരും വിലപ്പെട്ട സഹായ സഹകരണങ്ങൾ നൽകി വരുന്നുണ്ട്. കേരളം പൊതുവിൽ നേരിടുന്ന ഒരു ദുരന്തമാണിത്. അതിനെ ആ നിലയ്ക്കുതന്നെ കണ്ടുകൊണ്ട് ഒറ്റക്കെട്ടായി നിന്ന് നമുക്ക് അതിജീവിക്കേണ്ടതുണ്ട്. മഴക്കെടുതിയെത്തുടർന്ന് അകാലത്തിലുണ്ടായ നമ്മുടെ സഹജീവികളുടെ വേർപാടിൽ ഈ സഭ തീവ്രമായ ദു:ഖം രേഖപ്പെടുത്തുന്നു. 39 പേർക്കാണ് നാലുദിവസത്തെ മഴയിലും വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലുംപെട്ട് ജീവൻ നഷ്ടമായത്. പലയിടത്തും സമാനതയില്ലാത്ത ദു:ഖാവസ്ഥയാണുണ്ടായത്. സഭ ഇത് മനസ്സിലാക്കുന്നു. വിയോഗങ്ങൾ കുടുംബാംഗങ്ങൾക്ക് തീർത്താൽതീരാത്ത നഷ്ടമാണുണ്ടാക്കിയത്. ആ കുടുംബങ്ങളുടെ തീരാദു:ഖം കേരളത്തിന്റെയാകെ തീരാദു:ഖമാണ്. വിങ്ങുന്ന ഹൃദയവുമായി സഭ ഈ ദു:ഖം പങ്കിടുകയാണ്. കുടുംബങ്ങൾക്ക് താങ്ങും തണലുമായിനിന്ന മുതിർന്നവർ മുതൽ ഭാവിയുടെ പ്രതീക്ഷകളായിനിന്ന ഇളം കുരുന്നുകൾവരെ മരണപ്പെട്ടവരിലുണ്ട്. ഓർക്കാപ്പുറത്തുണ്ടായ ഈ ദുരന്തങ്ങൾ കുടുംബാംഗങ്ങൾക്ക് മാത്രമല്ല, നാടിനും നാട്ടുകാർക്കുംതന്നെ താങ്ങാനാകാത്തതാണ്. ദു:ഖത്തിലായ

കുടുംബങ്ങളെ സർക്കാർ ഒരിക്കലും കൈവിടില്ല. ജീവനുപകരമായി മറ്റൊന്നില്ല. ഒന്നും യഥാർത്ഥ നഷ്ടപരിഹാരമാകുന്നില്ല, ഇക്കാര്യം സർക്കാരിനറിയാം, സഭയ്ക്കുമറിയാം. വിഷമാവസ്ഥയിൽപ്പെട്ടവരെ കൈവിടില്ലെന്ന് അവരുടെ ദു:ഖത്തിൽ പങ്കുചേർന്നുകൊണ്ടുതന്നെ ആവർത്തിച്ച് അറിയിക്കുകയാണ്. ഈ ഘട്ടത്തിൽ നമുക്ക് കരണീയമായിട്ടുള്ളത്, സഭയുടെ പൊതുവികാരം രക്ഷാ പ്രവർത്തനത്തിലും ആശ്വാസ നടപടികളിലും ജീവിത സാഹചര്യങ്ങളുടെ പുന:സ്ഥാപനത്തിനും പ്രതിഫലിക്കുമെന്ന് ഉറപ്പുതരുന്നു. തീർത്തും അപ്രതീക്ഷിതമായാണ് മിന്നൽ കണക്കെ പേമാരിയും മലയിടിച്ചിലും വെള്ളപ്പൊക്കവുമുണ്ടായത്. അതിന്റെയൊക്കെ വിശദാംശങ്ങളിലേയ്ക്ക് കടക്കാനുള്ള സമയമല്ല ഇത്. ദുരന്തമേഖലകളിൽ വിഷമിക്കുന്നവരോട്, അകാലമൃത്യുവിനിരയായവരുടെ ബന്ധുക്കളോട് എല്ലാം നഷ്ടപ്പെട്ട നിരാലംബരോട് 'നിങ്ങൾ ഒറ്റയ്ക്കല്ല' എന്നുപറയാനും അവരുടെ കണ്ണുനീർ തുടയ്ക്കുവാനും സഹായങ്ങൾ എത്തിച്ചുകൊടുക്കാനുമുള്ള ഘട്ടമാണിത്. അതിനായി ഏവരും എല്ലാംമറന്ന് ഇറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും പൂർണ്ണമായും

യോജിക്കുകയാണ്. അതിതീവ്ര മഴയിലും ഉരുൾപൊട്ടലിലും കൊച്ചുകുട്ടികൾ ഉൾപ്പെടെ 39 വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെടുകയും നിരവധി പേരുടെ ജീവനോപാധികളും വീടുകളും നശിക്കുകയും ചെയ്ത ദൗർഭാഗ്യകരമായ സാഹചര്യത്തിലാണ് ഇന്ന് സഭ ചേർന്നിരിക്കുന്നത്. ആറ് പേരെ കണ്ടെത്താനുമുണ്ട്. ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബാംഗങ്ങളുടേയും കേരളത്തിലെ പൊതുസമൂഹത്തിന്റേയും ദു:ഖത്തിൽ പങ്കുചേർന്നുകൊണ്ട് സഭാതലത്തിൽ ബാഷ്പാഞ്ജലി അർപ്പിക്കുകയാണ്. കോട്ടയം ജില്ലയിലെ കൂട്ടിക്കലിലും ഇടുക്കി ജില്ലയിലെ കൊക്കയാറിലും ഉരുൾപൊട്ടലിലുണ്ടായ ദുരന്തം ഹൃദയഭേദകമായിരുന്നു. കൊക്കയാർ പൂവഞ്ചിയിൽ ഒന്നിച്ച് കളിച്ചുവളർന്ന പിഞ്ചോമനകളായ മൂന്ന് കുഞ്ഞുങ്ങൾ പരസ്പരം കെട്ടിപ്പുണർന്ന് കോൺക്രീറ്റ് സ്ലാബുകൾക്കിടയിൽ ചേതനയറ്റുകിടക്കുന്ന രംഗം നാമോരോരുത്തരുടെയും മനസ്സിനെ വല്ലാതെയുലച്ച സംഭവമാണ്. കോട്ടയം ജില്ലയിലെ കൂട്ടിക്കലിൽ മൂന്ന് കുട്ടികളുൾപ്പെടെ ഒരു കുടുംബത്തെ ഒന്നാകെ പ്രളയജലം കവർന്നെടുത്തു. സമാന സാഹചര്യങ്ങളിൽ വിലപ്പെട്ട നിരവധി ജീവനുകളാണ് നഷ്ടപ്പെട്ടത്.

2018-ലെ പ്രളയദുരന്തത്തിനുശേഷം തുടർച്ചയായ നാലാം വർഷത്തിലും കേരള സമൂഹത്തിൽ ഭീതിപടർത്തി മഴക്കെടുതികൾ ദുരന്തം വിതച്ചത് സഭ

ഗൗരവത്തോടെ പരിശോധിക്കേണ്ട കാര്യമാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ ദുരന്ത ലഘൂകരണ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് പ്രതിപക്ഷത്തിന്റെയും പൂർണ്ണ പിന്തുണയുണ്ടാകുമെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സഹപ്രവർത്തകരായ നിരവധി എം.എൽ.എ.-മാർ ഇപ്പോഴും ദുരന്തമേഖലകളിൽ ആശ്വാസ നടപടികളുമായി ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. മഴക്കെടുതിയിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്കും ജീവനോപാധികൾ നഷ്ടപ്പെട്ടവർക്കും അർഹമായ നഷ്ടപരിഹാരം അനുവദിക്കുന്നതിനും ദുരന്തബാധിത പ്രദേശങ്ങളിൽ സാധാരണ ജീവിതം തിരികെ കൊണ്ടുവരുന്നതിനും സർക്കാർ അടിയന്തരനടപടികൾ സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു. അതുപോലെ ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് ആവശ്യമായ ഭക്ഷണവും മരുന്നും കൊറോണയുടെ സാഹചര്യത്തിലുള്ള പ്രത്യേക ശ്രദ്ധയും നൽകണമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. തുടർച്ചയായ നാല് വർഷങ്ങളിൽ തീവ്രമഴയും ഉരുൾപൊട്ടലുംമൂലം അഞ്ഞൂറിലധികം ജീവനുകൾ നഷ്ടമായിട്ടും ദുരന്തസാദ്ധ്യതാ പ്രദേശങ്ങളിൽ യഥാസമയം

മുന്നറിയിപ്പുകൾ കൊടുക്കാൻപോലും ബന്ധപ്പെട്ട സംവിധാനത്തിന് സാധിക്കുന്നില്ലെന്ന ഖേദകരമായ സത്യം ഈ സഭയിൽ വേദനയോടെ പങ്കുവയ്ക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോ? ഞാൻ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നതല്ല. വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അതിന് പരിഹാരമെന്ത്; മുന്നറിയിപ്പ് നൽകുന്ന സംവിധാനത്തിന് എന്തെങ്കിലും പോരായ്മകളുണ്ടോ; രക്ഷാപ്രവർത്തനങ്ങൾ തുടങ്ങാൻ വൈകിയോ; ദുരന്തനിവാരണ സംവിധാനത്തിന് എന്തെങ്കിലും പോരായ്മകളുണ്ടോ; ഇവയെക്കുറിച്ചെല്ലാം ഗവൺമെന്റ് പരിശോധിക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

ദൈവത്തിന്റെ സ്വന്തം നാടായി അറിയപ്പെടുന്ന കേരളം ഇന്ന് നിരന്തരമായ പാരിസ്ഥിതിക പ്രശ്നങ്ങളുടെ കെടുതികൾ അനുഭവിക്കുന്ന സ്ഥിതിയിലേയ്ക്ക് വന്നിരിക്കുകയാണ്. ജനങ്ങൾക്ക് വലിയ ആശങ്കയാണുള്ളത്. പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കുന്നതിന് അവിടത്തെ പാറഖനനമുൾപ്പെടെയുള്ള കാര്യങ്ങളിൽ വിദഗ്ദ്ധോപദേശം തേടിക്കൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്ന് സൂചിപ്പിക്കുന്നു. നമ്മുടെ വൻകിട വികസന പദ്ധതികൾ പ്രകൃതിയോട് ഇണങ്ങിച്ചേരുംവിധം

ആവിഷ്കരിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഈ സന്ദർഭത്തിൽ വലിയ കെടുതികളാണ് കേരളത്തിലുണ്ടായിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ സംസ്ഥാനത്തെ സഹായിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു. പ്രളയത്തിൽ മരിച്ചവരുടെ ബന്ധുക്കളുടെയും പൊതുസമൂഹത്തിന്റെയും ദു:ഖത്തിൽ ഒരിക്കൽക്കൂടി പങ്കുചേർന്നുകൊണ്ട് നിർത്തുന്നു.

(പ്രകൃതിദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

## II പ്രമേയം

### സഭാ സമ്മേളനം ക്രമീകരിക്കുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, "കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തുണ്ടായ അപ്രതീക്ഷിത പേമാരിയും ഉരുൾപൊട്ടലും നിമിത്തം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷവും അടുത്ത മൂന്ന്-നാല് ദിവസം കനത്ത മഴയുണ്ടാകുമെന്ന കാലാവസ്ഥാ പ്രവചനവും കണക്കിലെടുത്ത് കുറ്റമറ്റ രീതിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിമാരുടെയും നിയമസഭാ സാമാജികരുടെയും സാന്നിദ്ധ്യം പ്രദേശികമായി അനിവാര്യമാണെന്ന് കാണുന്നതിനാൽ 2021 ഒക്ടോബർ

5-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഭാഗികമായ ഭേദഗതികൾ വരുത്തി ഇന്നേ ദിവസത്തെ തുടർന്നുള്ള സഭാനടപടികൾ നിർത്തിവയ്ക്കാനും 2021 ഒക്ടോബർ 21, 22 തീയതികളിലെ സഭാസമ്മേളനം ഒഴിവാക്കാനും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ......ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും 25.10.2021 തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ മാസം 25-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.15-ന് പിരിഞ്ഞു.)

*********